# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1700** **14.07.2016 ൽ മറുപടിയ്ക്ക്**

## കാറ്റിൽനിന്നും വൈദ്യുതി ഉല്പാദനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, റോജി എം. ജോൺ<br>,, ഹൈബി ഈഡൻ<br>,, കെ.എസ്.ശബരീനാഥൻ: | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി നടപ്പാക്കിയ കർമ്മ പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി യുമായി കേരള സർക്കാർ ധാരണാപത്രം ഒപ്പു വയ്ക്കുകയുണ്ടായി. ഇതിൻ പ്രകാരം ആദ്യ ഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ പൂവാർ ഫിഷർമെൻ കോളനിയിൽ 1 MW മൈക്രോവിൻഡ് സ്ഥാപിക്കുന്നതിന്റേയും കഞ്ചിക്കോട് 2.625 MW കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിന്റേയും ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിവരിക്കാമോ; | (ബി) | ലഭ്യമായിട്ടുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി |

| | | |
|---|---|---|
| | | കേരളത്തിനാവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുകയെന്നതാണ് ലക്ഷ്യം. |
| (സി) പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കുമോ? | (സി) | ഊർജ്ജ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുക, പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ ഊർജ്ജ ഉത്പാദനം സാധ്യമാക്കുക, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നവീകരണീയോർജ്ജ ക്രയബാധ്യത (Renewable Purchase Obligation) നിറവേറ്റുക എന്നിവയാണ് പ്രസ്തുത പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1700

## കെ.എസ്.ഇ.ബി എൽ-ന്റെ കാറ്റിൽ നിന്നുള്ള പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | |
|---|---|---|---|
| 1 | പൂവാർ ഫിഷർമെൻ കോളനി മൈക്രോ വിൻഡ് (50 നമ്പർ 20KW വീതം) | 1 | |
| 2 | കഞ്ചിക്കോട് (ഹൈബ്രിഡ് പാർക്ക്)<br>1. വിൻഡ്<br>2. ഇന്റർ ക്രോപ്പിങ്ങ് വിൻഡ് | 2.625<br><br>3.75 | |
| 3 | രാമക്കൽമേട് വിൻഡ് (12 MW) | 12 | സ്ഥലം അനർട്ട് കൈവശം |
| 4 | അഗളിയിൽ കാറ്റിൽ നിന്നുള്ള പദ്ധതി | 8 | ബോർഡ് തലത്തിൽ തീരുമാനം എടുക്കേണ്ടതാണ് |
| 5 | കാറ്റിൽ നിന്നുള്ള പദ്ധതി കഞ്ചിക്കോട് കിൻഫ്രാ പാർക്ക് | 15 | സ്ഥല ലഭ്യതയ്ക്കായി കിൻഫ്രായുടെ തീരുമാനം ലഭ്യമല്ല |
| | ആകെ | 42.375 | |

(signature)

സെക്ഷൻ ഓഫീസർ